# TECHSOW

## DIGITAL MAGAZINE 2023-24



# ST.AUGUSTINE'S HSS RAMAPURAM

# ചരിത്രം

കുചേലവൃത്തം വഞ്ചിപ്പാട്ട് എന്ന കൃതികൊണ്ട് മലയാള സാഹിത്യത്തിൽ സ്ഥിര പ്രതിഷ്ഠ നേടിയ മഹാകവി രാമപുരത്തു വാര്യരുടെയും മലയാളഭാഷയിലെ പ്രഥമയാത്രാവിവരണമായ 'വർത്തമാനപുസ്തകത്തിന്റെ' രചയിതാവായ പാറേമ്മാക്കൽ ഗോവർണ്ണദോരച്ചന്റെയും 'അഗ്നിസാക്ഷി' എന്ന നോവലിലൂടെയും മനോഹരമായ ചെറുകഥകളിലൂടെയും പ്രസിദ്ധയായ, സാഹിത്യത്തറവാട്ടിലെ വീട്ടമ്മയായിരുന്ന ശ്രീമതി ലളിതാംബിക അന്തർജനത്തിന്റെയും പുണ്യശ്ലോകനായ വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചന്റെയും ജന്മംകൊണ്ടും ജീവിതം കൊണ്ടും ധന്യമായ രാമപുരത്തെ കേളികേട്ട സരസ്വതിക്ഷേത്രമാണ് സെന്റ് അഗസ്റ്റിൻസ് ഹയർ സെക്കൻഡറി സ്കൂൾ.

ദശാബ്ദങ്ങൾക്കുമുൻപ് രാമപുരം പള്ളി മൈതാനത്ത് പ്രവർത്തിച്ചിരുന്ന പ്രൈമറി സ്കൂൾ 1919-ൽ ഒരു മിഡിൽ സ്കൂളായി ഉയർത്തി. 1922-ൽ പൂർണ്ണ മിഡിൽ സ്കൂളായി. സ്വന്തമായി കെട്ടിടം ഇല്ലാതിരുന്നതുകൊണ്ട് പള്ളിമേടയിലാണ് വിദ്യാലയം പ്രവർത്തിച്ചിരുന്നത്. 1937 ൽ ബഹു. മണ്ണൂരാംപറമ്പിലച്ചൻ ഹെഡ്മാസ്റ്ററായിരുന്നപ്പോൾ ഹൈസ്കൂൾ ആരംഭിക്കാനുള്ള അനുവാദം കിട്ടി. 1938-ൽ ഫിഫ്ത് ഫോറം വരെ ആരംഭിച്ചു. ഡിപ്പാർട്ടുമെന്റിൽനിന്നുള്ള തടസങ്ങളെല്ലാം മാറ്റി 1942-43 ൽ പൂർണ്ണ ഹൈസ്കൂളാക്കി ഉയർത്തി. രണ്ടാം ലോകമഹായുദ്ധ കാലഘട്ടമായിരുന്നു അക്കാലം. സാമ്പത്തികമായി വളരെ ബുദ്ധിമുട്ടുണ്ടായിരുന്ന ആ അവസരത്തിൽ രാമപുരം പള്ളിവക 28 പവൻ തൂക്കമുണ്ടായിരുന്ന സ്വർണ്ണ അരുളിക്ക പോലും വിറ്റ് സ്കൂൾ മന്ദിരം പടുത്തുയർത്തുവാൻ നമ്മുടെ മുൻഗാമികൾ സന്നദ്ധരായി. ഈ കാലഘട്ടത്തിൽ രാമപുരം ഫോറോനാ പള്ളി വികാരിമാരായിരുന്ന മുറിഞ്ഞകല്ലേൽ പെ. ബ. തോമ്മാച്ചനും (1937-40) പുത്തൻപുരയിൽ പെ. ബ. തോമ്മാച്ചനും (1940-45) സ്കൂൾ മാനേജർ എന്ന നിലയിൽ അനുഷ്ഠിച്ച സേവനം പ്രത്യേകം സ്മരണീയമാണ്. 1999-ൽ നമ്മുടെ സ്കൂളിന്റെ മാനേജരായിരുന്ന വെരി.റവ.ഫാ. സിറിയക് കുന്നേലിന്റെ പ്രയത്നഫലമായി ഹയർസെക്കൻഡറി ആരംഭിച്ചു. അദ്ദേഹത്തിന്റെയും തുടർന്നു മാനേജറായിരുന്ന ബഹു. നരിവേലി മത്തായി കത്തനാരുടെയും ശ്രമഫലമായി നാലുനില കെട്ടിടങ്ങളും ആധുനിക സൗകര്യങ്ങളോടുകൂടിയ വിശാലമായ സ്റ്റേഡിയവും നിർമ്മിച്ചു. 2009 മുതൽ 2019 വരെ സ്കൂൾ മാനേജരായി സേവനമനുഷ്ഠിച്ച വെരി.റവ.ഡോ.ജോർജ് ഞാറക്കുന്നേൽ സ്കൂളിന്റെ വികസനപ്രവർത്തനങ്ങളിൽ സത്വര ശ്രദ്ധപുലർത്തി. ഇക്കാലയളവിലാണ് സ്കൂളിന്റെ ശതാബ്ദി സ്മാരക കവാടവും ഇതോടനുബന്ധിച്ച് നിർമ്മിക്കുകയുണ്ടായി. ഇപ്പോഴത്തെ സ്കൂൾ മാനേജർ റവ.ഫാ.ബർക്കുമാൻസ് കുന്നുംപുറം സജീവശ്രദ്ധയും താൽപര്യവും ദീർഘവീക്ഷണത്തോടെയുള്ള പ്രവർത്തനങ്ങളും ഈ സ്കൂളിനെ ഉയർച്ചയുടെ പടവുകളിലെത്തിക്കുന്നു. അറിവിന്റെയും സംസ്കാരത്തിന്റെയും പ്രകാശം ചൊരിയാൻ കഠിനാദ്ധ്വാനം ചെയ്ത പൂർവികരുടെ സ്മരണകൾ നമ്മുക്ക് പുതുചൈതന്യം പകരട്ടെ.

# ലിറ്റിൽ കൈറ്റ്സ്

അറിവ് മറ്റൊരാളിൽനിന്ന് പകർന്നുകിട്ടുക എന്നതിനപ്പുറം ഓരോരുത്തരും സ്വയം നിർമ്മിക്കേണ്ടതാണെന്നുള്ള തിരിച്ചറിവ് വിദ്യാഭ്യാസരംഗത്തെ തെല്ലൊന്നുമല്ല മാറ്റിമറിച്ചത്. വിവരവിനിമയ സാങ്കേതികവിദ്യയുടെ സങ്കേതങ്ങൾക്കും ഉപകരണങ്ങൾക്കും വിദ്യാഭ്യാസ പ്രക്രിയയിൽ വലിയ പങ്കുവഹിക്കാനാകും. പ്രസ്തുത സങ്കേതങ്ങൾ സമർത്ഥമായും ഫലപ്രദമായും ഉപയോഗിക്കാൻ വൈദഗ്ധ്യവും അഭിരുചിയുമുള്ള തലമുറയെ സർഗാത്മകമായി പ്രയോജനപ്പെടുത്തുന്നതിനായി 'ലിറ്റിൽ കൈറ്റ്സ് എന്ന കുട്ടികളുടെ ഐ.ടി. കൂട്ടായ്മ കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ നടപ്പിലാക്കിയത്. ഈ വർഷം ലിറ്റിൽ കൈറ്റ്സ് ഐ.ടി കൂട്ടായ്മയിൽ ഞങ്ങളുടെ സ്കൂളിൽ നിന്നും 60 കുട്ടികൾ അംഗങ്ങളാണ്. ഈ പ്രവർത്തനങ്ങൾക്കൊക്കെയും നേതൃത്വം നൽകികൊണ്ട് കൈറ്റ് മാസ്റ്റർ ദിനേശ് സെബാസ്റ്റ്യൻ,കൈറ്റ് മിസ്ട്രസ് നിജോമി പി ജോസ് എന്നിവർ ഒപ്പമുണ്ട്. പ്രവർത്തനങ്ങൾക്ക് വേണ്ട നിർദേശങ്ങൾ നൽകുന്നതിനും പിന്തുണ നൽകുന്നതിനും ബഹുമാനപ്പെട്ട ഹെഡ്മാസ്റ്റർ സാബു തോമസ് സാറും ഒപ്പമുണ്ട്.



# [illegible]



രാമപുരം സെന്റ്.ആഗസ്റ്റിൻസ് എച്ച്.എസ്.എസിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയാറാക്കിയ ഡിജിറ്റൽ മാഗസിൻ ടെക്സോ 2024-ന് എല്ലാവിധ ആശംസകളും നേരുന്നു.

നൂതനസാങ്കേതികവിജ്ഞാനം വളർത്തുന്നതിൽ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ഏറെ പങ്കുവഹിക്കുന്നു എന്നറിയുന്നതിൽ ഏറെ സന്തോഷമുണ്ട്. പഠന-പാഠ്യേതര പ്രവർത്തനങ്ങളിൽ മികവുപുലർത്തുന്ന ഈ കാലത്തിന് എല്ലാ വിജയാശംസകളും നേരുന്നു.

സ്കൂൾ മാനേജർ

റവ.ഫാ.ബർക്കുമാൻസ് കുന്നുംപുറം

little KITEs RAMAPURAM



ലിറ്റിൽ കൈറ്റ്സ്-ന്റെ ആഭ്യമുഖ്യത്തിൽ നമ്മുടെ സ്കൂളിൽ നിന്നും ടെക്സോ 2024 എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസിൻ പുറത്തിറക്കുകയാണ്. വിദ്യാർത്ഥികളുടെ പഠനപ്രവർത്തനങ്ങളുടെ ഭാഗമായുള്ള വിവിധ വിഭവങ്ങൾ ഇതിൽ ഉൾച്ചേർത്തിരിക്കുന്നു. കുട്ടികളുടെ കഴിവുകൾ പ്രകാശിപ്പിക്കാനും നവീനസാങ്കേതികവിദ്യ എങ്ങനെ ഭലപ്രദമായി വിനിയോഗിക്കാനും കഴിയും എന്നതിന്റെ തെളിവ് കൂടെയാണ് ഈ ഡിജിറ്റൽ മാഗസിൻ. പ്രസ്തുത മാഗസീനിന്റെ രൂപകല്പനയ്ക്ക് പിന്നിൽ പ്രവർത്തിച്ച ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും അവർക്ക് പിന്തുണ നൽകി കൂടെനിന്ന കൈറ്റ് മാസ്റ്റേർസിനും എല്ലാവിധ ആശംസകളും നേരുന്നു.

ഹെഡ്മാസ്റ്റർ
സാബു തോമസ്

# ഉള്ളടക്കം

1) നിർമ്മിതബുദ്ധി.....................................6
2) എൻ സ്നേഹവിദ്യാലയം(കവിത).....................9
3) വെള്ളം (സയൻസ് )...............................11
4) ഉത്സവം(കവിത)....................................12
5) ബുദ്ധിമാനായ കുരങ്ങനും ആനയും(കഥ).......13
6) പൂവ്(കവിത)..........................................14
7) ജലവും മനുഷ്യനും (കവിത )......................15
8) തെറ്റിൽ നിന്നുള്ള പാഠം (കഥ)....................16
9) എന്റെ വിദ്യാലയം(കവിത)........................17
10) നിർഭാഗ്യവാനായ വേട്ടക്കാരൻ(കഥ)..........18
11) കടംകഥകൾ..........................................19
12) എന്റെ വിദ്യാലയം (കവിത).......................20
13) വിശ്വസ്തനായ കൂട്ടുകാരൻ(കഥ).................21
14) മഴ(കവിത)...........................................22
15) കുഞ്ഞൻ,നേതാവ് (കവിത)........................23
16) വായന വിസ്മയം(കഥ)............................24
17) സുന്ദരമീ പ്രകൃതി(കവിത).........................25
18) നല്ല നാട് (കവിത)..................................26
19) ലഹരിക്കെതിരെ(കവിത)..........................27
20) മഴയുടെ കുളിര്(കഥ)..............................28
21) ചാറ്റൽമഴ(കഥ).....................................29
22) ചെറിയവയിലെ വലിയവ (സയൻസ് ).........30
23) മൊബൈൽ..........................................31
24) ഡിജിറ്റൽ പേന്റിങ് ...............................32
25) ഡിജിറ്റൽ പേന്റിങ്...............................33
26) ഡിജിറ്റൽ പേന്റിങ്..............................34

# നിർമ്മിതബുദ്ധി

സമകാലിക ലോകത്ത് ഏറ്റവും കൂടുതൽ വളർച്ച കൈവരിക്കുന്ന മേഖലയാണ് എ.ഐ. ഇന്നു നാം കാണുന്ന ഓരോ ഇലക്ട്രോണിക്സ് ഉപകരണത്തിലും എ ഐ പ്രവർത്തിക്കുന്നു എന്തിന് ചെറിയ മൊബൈൽ ആപ്പ് മുതൽ വലിയ വലിയ റോബോട്ടുകളിൽ വരെ ഇതു കാണാം. എന്താണ് എ.ഐ. മനുഷ്യന്റെ സഹായമില്ലാതെ സ്വയം ചിന്തിച്ചു ചെയ്യേണ്ട കർമ്മങ്ങളുടെ വിജയസാധ്യത കൂട്ടാൻ വേണ്ട നടപടി സ്വീകരിക്കുന്ന എന്തിനെയും എ.ഐ എന്ന് വിശേഷിപ്പിക്കാം. എ.ഐയുടെ ചരിത്രത്തിലേക്ക് ഒന്ന് നോക്കാം. ഫ്രാങ്കൻസ്റ്റൈൻ പോലെയുള്ള ജീവികൾ പണ്ട് കാലത്തെ കഥകളിലും ഫിക്ഷനുകളിലും കാണാൻ കഴിഞ്ഞു. അവ കൃത്രിമ ജീവികളേപ്പോലെയായിരുന്നു.

ഇവിടെ നിന്നാവാം എ ഐയെക്കുറിച്ചുള്ള പഠനം ആരംഭിച്ചത് എന്നാണ് വിശ്വസിക്കുന്നത്. എ ഐക്കു പിന്നിൽ ഏറ്റവും വലിയ മാറ്റങ്ങൾ സൃഷ്ടിച്ചത് ട്യൂറിങ്ങിന്റെ സിദ്ധാന്തമായിരുന്നു. ഈ സിദ്ധാന്തം 1950 –കളിൽ  പ്രചാരം നേടി. ഇതിൽ പറയുന്നത് 0,1,എന്നി സംഖ്യകളുടെ സഹായത്തോടെ ഏത് പ്രേവർത്തികളും കമ്പ്യൂട്ടറുകളേയും മറ്റും എന്തും ആർജിപ്പിക്കാമെന്നാണ്. എന്തൊക്കെയാണെങ്കിലും ജോൺ മക്കാർത്തിയാണ് ആദ്യമായി എ ഐ എന്ന പദം ഉപയോഗിച്ചത്. അദ്ദേഹമാണ് എ ഐയുടെ പിതാവ്.

ഇന്ന് നാം കാണുന്ന ഓരോ ഇലക്ട്രോണിക്സ് ഉപകരണത്തിലും എ ഐ കാണാം എന്ന് പറഞ്ഞല്ലോ.

അതുപോലെ തന്നെ ഇതിനെ ദുരുപയോഗം ചെയ്യുന്നതിനുള്ള സാധ്യത ഏറെയാണ്. ഡീപ്പ്ഫേക് പോലെയുള്ള എ.ഐകളെ കൊണ്ട് സിനിമ മേഖലയിൽ ഒരു പുതിയ വിപ്ലവം സൃഷ്ടിക്കാം. പക്ഷെ അതിനെവച്ച് പണത്തട്ടിപ്പുകൾ നടത്തുന്ന പ്രവണത കണ്ടുവരുന്നു. നാളെ ഒരു പക്ഷെ ഇത് ഒരു വലിയ സാമൂഹിക പ്രശ്നമായി പരിണാമം സംഭവിച്ചേക്കാം. നാളെ അങ്ങനെ സംഭവിക്കാതെ ഇരിക്കട്ടെ എന്ന പ്രാർത്ഥനയോടെ നിർത്തുന്നു.



രോഹിത്ത് രാജേഷ് 9A

കവിത

# എൻ സ്നേഹ വിദ്യാലയം

വിദ്യാലയം, എൻ പൊന്നു വിദ്യാലയം
ആദ്യാക്ഷരം പഠിച്ച എൻ പൊന്നു വിദ്യാലയം.
കൂട്ടുകാരാൽ , നിറം പകർന്ന വിദ്യാലയം
സന്തോഷത്തിൻ പുലരിയാം വിദ്യാലയം.

അദ്ധ്യാപകർ ,സ്ന്ഹശാസനം നൽകിയതും
വിദ്യയാൽ മനം തെളിയിച്ചതും
ഓർക്കുന്നു ഞാൻ സ്നേഹനന്ദിയോടെ
ഒരു നൂറു നൂറു നന്ദിയോടെ

പഠിക്കാം പഠിച്ചുവളരാം
ഗുരുക്കന്മാരുടെ സ്നേഹവാക്കുകൾ
ഓടാം ചാടാം ആർത്തുരസിക്കാം
കുട്ടികളുടെ മധുരചിന്തകൾ
പഠിക്കുമോ നിങ്ങൾ വിജയിക്കാൻ
പഠിക്കും പഠിക്കും ഞങ്ങൾ പഠിക്കും

വിദ്യാലയം,എൻ പൊന്നു വിദ്യാലയം
ആദ്യാക്ഷരം പഠിച്ച എൻ പൊന്നു വിദ്യാലയം
കൂട്ടുകാരാൽ നിറം പകർന്ന വിദ്യാലയം
സന്തോഷത്തിൻ പുലരിയാം വിദ്യാലയം
ആഘോഷത്തിൻ,പൊലിമയിലും
ദുഃഖത്തിൻ വേദനയിലും
കൂട്ടായ് നിൽക്കും കൂട്ടുകാരാൽ
സ്നേഹം സ്നേഹം കുടുംബംപോലെ

വിദ്യാലയം, എൻ പൊന്നു വിദ്യാലയം
കൂടെ നിൽക്കും കുടുംബം പോലെ
നൽകുന്നു നല്ല വ്യക്തിത്വവും
സ്വർഗ്ഗപൂരിതമാം അന്തരീക്ഷവും

വിദ്യാലയം എൻ പൊന്നു വിദ്യാലയം
ആദ്യാക്ഷരം പഠിച്ച എൻ പൊന്നു വിദ്യാലയം
ഓർക്കുന്നു ഞാൻ സ്നേഹ നന്ദിയോടെ
ഒരു നൂറു നൂറു നന്ദിയോടെ
ഒരായിരം നന്ദിയോടെ
നന്ദി നന്ദി വളരെ നന്ദി



സ്റ്റെവിൻ സാബു 8A

സയൻസ്

# വെള്ളം

മനുഷ്യർക്ക് ജീവിക്കാൻ ആവശ്യമായതും പക്ഷെ മനുഷ്യരെ കൊല്ലാൻ പറ്റുന്നതുമാണ് വെള്ളം . ഇപ്പോൾ ശുദ്ധജലം എന്നത് മിനറൽ വാട്ടറുമെല്ലാമാണ്. ഭൂമിയിൽ 3/4 ഭാഗം വെള്ളമാണ് . അതിൽ 90% ഉപ്പുവെള്ളമാണ് ബാക്കിയുള്ള ശുദ്ധവെള്ളം തോട്ടിലും ,അരുവിയിലുമാണ്. അവിടെഎല്ലാവരും വെയ്സ്റ്റും മറ്റുമായി വൃത്തികേടാക്കുന്നു . വെള്ളത്തിന് പല സവിശേഷതകളുണ്ട്. വെള്ളത്തെ രസതന്ത്രത്തിൽ $H_2O$ എന്നാണ് വിശേഷിപ്പിക്കുന്നത്. വെള്ളം നമ്മുക്ക് ലഭിക്കുന്നത് വാട്ടർ സൈക്കിൾ എന്ന പ്രക്രിയയിലൂടെയാണ് . മാർച്ച് 22 ലോക ജലദിനം എന്നാണ് അറിയപ്പെടുന്നത്. വെള്ളം ശേഖരിക്കാൻ മഴവെള്ളസംഭരണിയാണ് സാധാരണയായി ഉപയോഗിക്കുന്നത്. ഒരുപാട് തണുപ്പുള്ള നാട്ടുകളിൽ കണ്ടുവരുന്ന ഒരു പ്രതിഭാസമാണ് ചൂട് നീരുറവ.കടലിലെ ജലനിരപ്പ് കൂടുകയാണ് . കാരണം അന്റാർട്ടിക്കയിലെ മഞ്ഞുപാളികൾ ഉരുകുകയാണ്. മണ്ണിൽ വെള്ളം സംഭരിക്കാനുള്ള മാർഗങ്ങളാണ് ചെക് ഡാം നിർമാണം, പുതയിടൽ, ടെറസ് ഫാർമിംഗ്,മൺഭിത്തികളുടെ നിർമാണം എന്നിവ . ഇത് വായിക്കുന്നവർ തന്റെ പരിസരത്തെ ജലസ്രോതസുകൾ സംരക്ഷിക്കുമെന്ന് കരുതുന്നു.

എമിൽ സിബി 8A



little KITEs RAMAPURAM

കവിത

# ഉത്സവം

കൊട്ടും കുഴൽ വിളിയുയരുന്നു,
വർണ്ണകുടകൾ നിവരുന്നു,
പൂക്കാവടികൾ മാട്ടുന്നു,
കുടമണി കിലുക്കി ചെവികളുമാട്ടി
ഗജവീരന്മാർ നിൽക്കുന്നു,
താലപ്പൊലിയും വാദ്യഘോഷവും,
കാഴ്ചകളെല്ലാം വർണാഭം,
ഉത്സവമെന്നാൽ നമ്മുടെ നാടിൻ
സംസക്കാരത്തിൻ സമ്പത്ത്
മലയാളത്തിൽ മഹത്വമുണരും
ഉത്സവമെന്നാൽ കെങ്കേമം.



അഭിഷേക് ജയചന്ദ്രൻ 9A

കഥ

# ബുദ്ധിമാനായ കുരങ്ങനും ആനക്കുട്ടിയും

ഒരു ദിവസം ഒരു ആനക്കുട്ടി കാട്ടിലൂടെ നടന്നു പോകുകയായിരുന്നു. കുറെ ദൂരം ആനക്കുട്ടി കാട്ടിലൂടെ നടന്നു പോയി. കുറെ ദൂരം ആനക്കുട്ടി കാട്ടിലൂടെ സഞ്ചരിച്ചു. കുറെ ദൂരം നടന്നു ക്ഷീണിച്ചപ്പോൾ ആനക്കുട്ടി ഒരു മരത്തണലിൽ വിശ്രമിക്കാൻ ഇരുന്നു. അപ്പോഴാണ് ആനക്കുട്ടി കുരങ്ങനെ കണ്ടത് അവർ കൂട്ടുകാരായി. അങ്ങനെ ആനക്കുട്ടിയും കുരങ്ങനും കൂടി നടക്കാൻ തുടങ്ങി.

അങ്ങനെയിരിക്കെ ആനക്കുട്ടി ചതുപ്പിൽ വീണു ചതുപ്പിൽ വീണ ആനക്കുട്ടി "രക്ഷിക്കണേ എന്ന് പറഞ്ഞു കരഞ്ഞു". ബുദ്ധിമാനായ കുരങ്ങൻ ആലോചിച്ചതിനുശേഷം ഒരു കാട്ടുവള്ളിയുടെ അറ്റം ആനക്കുട്ടിക്ക് ഇട്ടുകൊടുത്തു. തുമ്പികൈകൊണ്ട് കാട്ടുവള്ളിയിൽ പിടിച്ച് ആനക്കുട്ടി രക്ഷപെട്ടു. രക്ഷപെട്ട ആനക്കുട്ടി കുരങ്ങനോട് നന്ദി പറഞ്ഞു



അലൻ ഷാജി 9C

# പൂവ്

എൻ മനോഹര പൂന്തോട്ടത്തിലെത്തിയ
ഒരു സുന്ദരിയല്ലേ നീ.
എത്ര കാലമായി നീ വിടരുവാൻ
ഞാൻ കാത്തുനിൽപ്പൂ.

ഒരമ്മയുടെ ഉദരത്തിൽ പിറന്ന
കുഞ്ഞിനെപ്പോലെ
ഞാൻ നിൻമനോഹരമായ സൗന്ദര്യം
കാണാൻ കാത്തുനിൽപ്പൂ.

നിൻ മധുരമുള്ള തേൻ കുടിക്കാനായി
വന്നതല്ലേ ഈ പൂമ്പാറ്റകളൊക്കെയും.

വെള്ളയും,മഞ്ഞയും,നീലയും ചുമപ്പും
നിറങ്ങളിൽ
നീ വളരെസുന്ദരിയാകും.
നിൻ സൗന്ദര്യം ലോകത്ത് വേറെ
ആർക്കെങ്കിലുമുണ്ടോ?



എയിഡൻ അരുൺ 8A

കവിത

# ജലവും മനുഷ്യനും

ജലം ഇല്ലെങ്കിൽ ജീവനില്ല .
നമ്മുടെ ജീവിതത്തിന് ജലം.
ഒരു വലിയ സഹോദരനാണ്.
ജലം മനുഷ്യന്റെ ജീവൻ നിലനിർത്തുന്നു.

മനുഷ്യൻ നിലനിൽക്കണമേങ്കിൽ
ജലം വേണം.ജലം വേണമെങ്കിൽ
മഴ വേണം. മഴ ഇല്ലെങ്കിൽ ജലമില്ല
ജലം ഇല്ലങ്കിൽ മനുഷ്യനില്ല.



അൻസ് മാത്യു 9C

കഥ

# തെറ്റിൽ നിന്നുള്ള പാഠം

ലോകപ്രശസ്തനായ പോർച്ചുഗീസ് സംഗീതജ്ഞനായിരുന്നു ഡിയഗോ മാർട്ടിൻ. ഒരിക്കൽ അദ്ദേഹം തന്നെ രചിച്ച ഒരു സംഗീതശില്പമാണ് പിയാനോയിൽ വായിക്കുന്നത്. പെട്ടെന്ന് മാർട്ടിനു ഒരു ചെറിയ തെറ്റുപറ്റി ഒരു സ്വരം വായിച്ചത് മാറിപ്പോയി പകരം വേറെ ഒരു കീയിലാണ് മാർട്ടിന്റെ വിരൽ ഞെങ്ങിയത്. അത് കേട്ടവർക്ക് ആ തെറ്റ് മനസ്സിലായി. എന്നാൽ ഒന്നും സംഭവിക്കാത്തതുപോലെ അദ്ദേഹം ബാക്കി വായിച്ച് അവസാനിപ്പിച്ചു.

അതിനുശേഷം അദ്ദേഹം എഴുന്നേറ്റ് സദസ്സിനു നേരെ തിരിഞ്ഞു തെറ്റിനെപ്പറ്റി ക്ഷമ ചോദിക്കാൻ പോവുകയാണെന്ന് കാണികൾ വിചാരിച്ചു. എന്നാൽ മാർട്ടിൻ പറഞ്ഞു : "ഞാൻ കംപോസ് ചെയ്തതിനേക്കാൾ നല്ലത് ഞാൻ തെറ്റി വായിച്ച ആ സ്വരമായിരുന്നു എന്ന് എനിക്കിപ്പോൾ തോന്നുന്നു." മാർട്ടിന്റെ രസികത്തവും പതറാത്ത ആത്മവിശ്വാസവും കണ്ടു കാണികൾ പൊട്ടിച്ചിരിയോടെ കൈയ്യടിച്ചു.



അൽഫോൻസ് മനോജ് 9B

കവിത

# എന്റെ വിദ്യാലയം

എല്ലാ ദിവസവും ഞാൻ
വിദ്യാലയത്തിൽ പോവുന്നു
അറിവ് നേടാനായി
അക്ഷരം നേടാനായി

മനോഹരമായ ഉദ്യാനവും
അതിദൂരത്തിൽ മൈതാനവും
ആത്മ മിത്രങ്ങളായ
സഹപാഠികളും

ഞങ്ങളെ പഠിപ്പിക്കുന്ന അധ്യാപകർ
ഈ വിദ്യാലയത്തിന്റെ
ഭംഗി വർധിപ്പിക്കുന്നു
അഭിമാനത്തോടെ നിൽക്കുന്നു ഈ നാട്



ഇയോൺ ആന്റണി രഞ്ജിത് 8A

കഥ

# നിർഭാഗ്യവാന്മാരായ വേട്ടക്കാർ

ഒരു കാട്ടിൽ രണ്ടുവേട്ടക്കാർ ഉണ്ടായിരുന്നു. അവർ മൃഗങ്ങളെ വേട്ടയാടി വിറ്റുകിട്ടുന്ന പണം കൊണ്ടാണ് ജീവിച്ചിരുന്നത്. ഒരു ദിവസം അവർ ഒരു ആനയെ ജീവനോടെ പിടിച്ച് വിൽക്കാൻ തീരുമാനിച്ചു. ആനയെ പിടിക്കാൻ എളുപ്പമല്ലാത്തതിനാൽ അവർ മയക്കവെടിവെച്ച് വീഴ്ത്താൻ തീരുമാനിച്ചു. പിറ്റേന്ന് അവർ മയക്കവെടിനിറച്ച തോക്കുമായി ആനയെ പിടിക്കാൻ ഇറങ്ങി. കുറച്ചു നടന്നതിനുശേഷം അവർ ഒരു ആനയെ കണ്ടു. അപ്പോൾതന്നെ അവർ അടുത്തുണ്ടായിരുന്ന ഒരു കുറ്റിക്കാട്ടിൽ കയറി ഒളിച്ചിട്ട് വെടിവെച്ചു. എന്നാൽ അത് കൊണ്ടില്ല. അവർ അടുത്ത വെടി തോക്കിൽ നിറച്ചപ്പോഴെക്കും ആന അവിടം വിട്ടുപോയി. മയക്കവെടിവെച്ചു ആനയെ വീഴ്ത്താൻ പ്രയാസമാണെന്നു മനസിലായ വേട്ടക്കാർ വേറെ വഴി ആലോചിച്ചു. അന്ന് രാത്രി ആന സ്ഥിരം കടന്നുപോകുന്നവഴിയിൽ അവർ ഒരു വലിയ കുഴി കുഴിച്ചു. അതിനുമുകളിൽ അവർ ഇലകൾ ഇട്ട് കുഴി മറച്ചുകഴിഞ്ഞ് അവർ തിരിച്ചുപോയി. പിറ്റേന്ന് അവർ മറ്റു മൃഗങ്ങളെ പിടിക്കാൻ പോയി. വൈകുന്നേരമായപ്പോൾ അവർ കുഴിച്ച കുഴിയുടെ അടുത്തേയ്ക്കു പോയി. കുഴി തുറന്നു കിടക്കുന്നതു കണ്ടു അവർ ആഹ്ലാദത്തോടെ അടുത്തേയ്ക്കു ചെന്ന്കുഴിയിലേക്കുനോക്കി. അപ്പോൾ അതിൽ ഒന്നും ഇല്ലായിരുന്നു. പെട്ടന്ന് അവർ നിന്നടുത്തെ മണ്ണ് ഇടിഞ്ഞു രണ്ടുപേരും കുഴിയിലേക്കു വീണു. അവർ മുകളിലേക്ക് കയറാൻ നോക്കി, എന്നാൽ അവർക്കു അതിന് കഴിഞ്ഞില്ല. രക്ഷിക്കണേ എന്ന് പറഞ്ഞ് അവർ നിലവിളിച്ചു. എന്നാൽ അവരുടെ നിലവിളി ആരും കേട്ടില്ല.

സിറിൽ സജീവ് 9B



# കടംകഥകൾ

1) ഞെട്ടില്ല വട്ടയില
   – പപ്പടം

2) ഓടുംകുതിര ചാടും കുതിര വെള്ളം കണ്ടാൽ  നിൽക്കും കുതിര
   – ചെരുപ്പ്

3) മുറ്റത്തെ  ചെപ്പിനു അടപ്പില്ല
   –കിണർ

4) ഇട്ടാൽ പൊട്ടും ഇംഗ്ലീഷ് മുട്ട
   –കടുക്

5) ഒരമ്മ പെറ്റതെല്ലാം  തൊപ്പികുട്ടന്മാർ
   – അടക്ക

6) അകത്തുരോമം പുറത്തിറച്ചി
   –മൂക്ക്

7) അടി മുള്ള്, നടു കാട്ട്, തല പൂവ്
   –പൈനാപ്പിൾ

8) ആയിരം പോലീസുകാർക്ക് ഒരു ബെൽറ്റ്
   –ചൂല്

9) ആയിരം കിളികൾക്ക് ഒറ്റക്കൊമ്പ്
   –വാഴക്കുല



ഐവിൻ രാജേഷ് 9A

കവിത

# എന്റെ വിദ്യാലയം

എന്റെ വിദ്യാലയം
നല്ല വിദ്യാലയം
അറിവ് പകരുന്ന പുസ്തകം
നല്ല വിദ്യാലയം

അറിവിന്റെ നിറവിന്റെ
പുസ്തകത്താളുകൾ പകർന്നു
തന്നൊരി വിദ്യാലയം
സൗഹൃദം തന്നൊരി വിദ്യാലയം

സ്നേഹം പകർന്നൊരു വിദ്യാലയം
അറിവിന്റെ വെളിച്ചം പകരും ഗുരുവിനെ
തന്നൊരി വിദ്യാലയം
എന്റെ വിദ്യാലയം

സ്നേഹം പകർന്നൊരു
കൂട്ടുകാരും നേർവഴി
കാട്ടിയ ഗുരുക്കന്മാരും
ഇരുട്ടിൻ കുഴിയിൽ കഴിഞ്ഞ എന്നെ
വെളിച്ചം കാട്ടി തന്ന വിദ്യാലയം

എന്നെ പഠിപ്പിച്ചു പത്തോളം എത്തിച്ച
എന്നെ ഉയർത്തിയ വിദ്യാലയം
എന്നും ഞാൻ ഓർക്കും എൻ വിദ്യാലയം
നേർവഴി കാട്ടിയ വിദ്യാലയം
എന്റെ വിദ്യാലയം
നല്ല വിദ്യാലയം



ജോസിൻ റോയി 8A

കഥ

# വിശ്വസ്തനായ കൂട്ടുകാരൻ

ഒരിടത്ത് ഒരു സിംഹം ഉണ്ടായിരുന്നു. ആ കാട്ടിലെ രാജാവായിരുന്നു ആ സിംഹം. സിംഹരാജാവിന് രണ്ട് കൂട്ടുകാർ ഉണ്ടായിരുന്നു. ഒരു കടുവയും കുറുക്കനും. സിംഹം രാജാവായതിനാൽ കുറുക്കന് അസൂയ തൊന്നി. എങ്ങനെയെങ്കിലും കുറുക്കന് കാട്ടിലെ രാജാവാകണമായിരുന്നു. ഒരു ദിവസം കുറുക്കനൊരു ബുദ്ധിതോന്നി, കാട്ടിലെ ആഴമുള്ള കുഴിയിൽ സിംഹത്തെ വീഴ്ത്താൻ കുറുക്കൻ സിംഹത്തെ വിളിച്ചുകൊണ്ട് വന്നു. കുഴിയുടെ അടുത്തെത്തിയപ്പോൾ സിംഹത്തെ കുറുക്കൻ തള്ളി കുഴിയിൽ ഇട്ടു. കുറുക്കന്റെ ചതി സിംഹം മനസിലാക്കി എങ്ങനെ രക്ഷപെടാം എന്ന് ആലോചിച്ചിരുന്നു സിംഹത്തെ രക്ഷിക്കാൻ തന്റെ ഉറ്റ കൂട്ടുകാരനായ കടുവ തക്കസമയത്ത് വന്ന് രക്ഷപെടുത്തി. എന്നിട്ട് കുറുക്കനെ ചതിയനെന്ന് മുദ്രകുത്തി.

ജിത്തു മാത്യുകുട്ടി 9C



കവിത

# മഴ

തുലാവർഷകാലത്തി മഴ-
തുള്ളിയായി എത്തുന്നു.
പുഴയും തോടും നിറഞ്ഞൊ-
ഴുകുന്നു.

മണ്ണിൽ മഴത്തുള്ളി വീഴുന്നു
സുഗന്ധം പരക്കുന്നു.
പ്രകൃതിയാകെ മഴയിൽ
ആനന്ദം കൊള്ളുന്നു.

പക്ഷിമൃഗാദികൾ മഴയിൽ
സന്തോഷിക്കുന്നു.നെൽ-
പാടങ്ങൾ,മരങ്ങൾ
ചെറുചെടികൾ മഴയിൽ
നിറഞ്ഞുനിൽക്കുന്നു.

മഴപെയ്യും നേരത്ത്
പക്ഷികൾ കൂട്ടിലേക്ക്
മടങ്ങുന്നു.ഞാനും
മഴയിൽ നൃത്തമാടുന്നു.



ലിയോ ടോം അനിൽ 8A

കവിത

# കുഞ്ഞൻ

കുഞ്ഞന്റെ അച്ഛൻ കുഞ്ഞച്ചൻ
കുഞ്ഞന്റെ അമ്മ കുഞ്ഞമ്മ
കുഞ്ഞന്റെ അനിയൻ കുഞ്ഞനിയൻ
കുഞ്ഞന്റെ അനിയത്തി കുഞ്ഞനിയത്തി
കുഞ്ഞന്റെ പേര് കുഞ്ഞപ്പൻ
കുഞ്ഞായിട്ടിരിക്കാനാണ് അവനിഷ്ടം

# നേതാവ്

നാടറിയാത്തൊരു നേതാവ്
നേരറിയാത്തൊരു നേതാവ്
ചുറ്റിക്കറങ്ങും നേതാവ്
അതാണ് നേതാവ്



ജസ്റ്റിൻ ജോഷി 9A

കഥ

# വായന വിസ്മയം

വായന നമ്മുടെ അറിവിനാണെ-

ന്നോർത്ത് വായിച്ച് വളരുക

വായനയിൽ പഠിക്കുക

അക്ഷരം പഠിച്ചും വായിക്കാൻ ശ്രമിച്ചും

വെളിച്ചം തെളിച്ചും വായിക്കുക

മനുഷ്യരെ

വായനാശീലം വളർത്തുക

കൂട്ടരെ നിങ്ങൾ

കുട്ടികൾ മുതൽ മുതിർന്നവർ

പോലും വായനയില്ലയെന്ന

സത്യം മനസ്സിലാക്കുക.



മിലൻ സജി 8A

കവിത

# സുന്ദരമീ പ്രകൃതി

ഉദയസൂര്യന്റെ പൊൻശോഭയാൽ-
പുൽനാമ്പുകളിലെ മഞ്ഞുതുള്ളികൾ
സ്ഫടികമുത്തുകൾ പോലെ മിന്നീടുന്നു.
മരച്ചില്ലകൾ ഇളംകാറ്റിലാടിയുലയുന്നു.
ചിത്രശലഭങ്ങൾ പാറിപ്പറക്കുന്നു.
കിളികൾ ചിലയ്ക്കുന്നു
നദികൾ കളകളാരവം മുഴക്കിനുരഞ്ഞു-
പതഞ്ഞൊഴുകുന്നു.
കാടും, മലയും, പുൽമേടുകളുമുള്ള
സുന്ദരമീ ലോകം നമു-
ക്കീശ്വരൻ കനിഞ്ഞുനൽകിയോരനുഗ്രഹം.



ലിനോ ഫ്രാൻസിസ് 8A

കവിത

# നല്ല നാട്

ജനങ്ങൾ  തിങ്ങി  പാർക്കുന്നയിടമാണ്

നാട്.

അവിടെ പല ജാതിക്കാരും  ഒന്നിച്ച്

ഒരുവമയോടെ ജീവിക്കുന്നു.

നാട്ടിൽ നല്ല സ്നേഹം നിലനിൽക്കും.

അവിടുത്തെ ഓരോ ദിവസവും

സന്തോഷത്തിന്റെ ദിനങ്ങളാണ്.



സൂര്യൻ രാജ് 9C

കവിത

# ലഹരിക്കെതിരെ

അരുതരുതെ അനുവദിക്കല്ലേ നീ
ലഹരിയിൽപ്പെട്ട് ജീവിതം കളയുവാൻ
താൽക്കാലിക സുഖത്തിന് വേണ്ടിയോ
ലഹരിക്ക് പിന്നിൽ നീ പോകുന്നു
ലഹരിക്ക് പിന്നിലെ പോകുന്ന
ജീവിതം വെറും മണ്ടയില്ലാത്തെങ്ങ്.
മണ്ടയില്ലാത്തെങ്ങ് ഭൂമിക്ക് ഭാരവും
നാളെ ജ്വലിക്കേണ്ട പ്രതീക്ഷയെ കൂട്ടരേ
നിൻ വഴിയിൽ വെളിച്ചം ഉണ്ടാകണെ.
ലഹരി പ്രയോഗിയാം മാനസ്സം
കെട്ട് വിട്ടൊരു പട്ടത്തിനെങ്ങനെ
ലഹരിയാം കാറ്റ് എതിർക്കാൻ കഴിയും
നാളെ ജ്വലിക്കേണ്ട കൂട്ടുകാരെ
നിന്റെ പാതയിൽ ഇരുള് പടർത്തരുതേ
അരുതരുതെ അനുവദിക്കല്ലേ നീ
ജീവിതത്തിൽ ലഹരിക്ക് സ്ഥാനവും
ഇനിയെങ്കിലും രക്ഷപ്പെടു ലഹരിയെ
നിൻ ഇരുളിൽ കുരുന്നിനെ തള്ളല്ലെ.



രോഹിത്ത് രാജേഷ് 9A

കഥ

# മഴയുടെ കുളിര്

കുളിരു കയറുന്ന രാവിൽ
ജനാലയിൽ തുള്ളി തുള്ളിയായി വീഴുന്ന
മഴതുള്ളികൾ
കാറ്റിൽ പറന്നു പറന്നു
ഉണ്ണിയുടെ മുഖത്തെയ്ക്ക്
വീണുകൊണ്ടിരുന്നു. ഉണ്ണി പുതപ്പ്
മുഖത്തേക്ക് കൂട്ടുതൽ
ചേർത്തു വച്ചു. മഴയുടെ കുളിരു കാരണം
അവൻ വേഗം ഉറങ്ങിപോയി.
രാവിലെ അയപ്പോൾ അമ്മ അവനെ
വിളിച്ചു.
മോനെ..,മോനെ..
ഇന്ന് സ്ക്കൂളിൽ പോകേണ്ടെ..
ഇന്ന് അവധിയാ.....,
രാവിലെ തന്നെ മഴയാണോ..,
ഞാൻ ഈ,മഴയുടെ തണുപ്പിൽ
ഇച്ചിരിനേരം ഉറങ്ങുവാ....

അലൻ ദേവസ്യ 9C

കഥ

# ചാറ്റൽമഴ

ചാറ്റൽ മഴയെ വകവെയ്ക്കാതെ,ദേഹത്ത് വീണു. വെള്ളത്തുള്ളികൾ ഇടയ്ക്കിടെ കുടഞ്ഞു കുടഞ്ഞ് പേരമരക്കൊമ്പിൽ  അതിരാവിലെ വന്നിരിക്കുന്ന അതിഥി എന്നെ നോക്കി. പിന്നെ ഉച്ചത്തിൽ കരഞ്ഞു ഒരു പിടി അന്നം നീ എന്തെ എനിക്കായ് കരുതിയില്ല. ആ നോട്ടവും കരച്ചിലും ഉള്ളം പൊള്ളിച്ചു. ചെയ്യാമായിരുന്നു എനിക്ക്.അതിഥി എന്നെ നിശബ്ദമായി വീണ്ടും തലചെരിച്ചു  നോക്കി. സങ്കടമാണോ ആ കണ്ണുകളിൽ. ഒക്കത്തെടുത്ത നടന്നില്ലെ ഞാൻ . പലതു വേണ്ടാന്ന് വെച്ച് അർത്ഥമില്ലാത്ത ന്യായികരണങ്ങൾ  ഞാനും നിരത്തി ഒരുപിടി അന്നം നിന്റെ കൈകൊണ്ട്. അത് ഞാൻ മോഹിച്ചു പിന്നെയും പറയാതെ പറയുന്ന മൊഴികൾ ഒരു വിങ്ങിപ്പൊട്ടലുണ്ടാക്കി . മിഴിയിലെ നനവ് ചാറ്റൽമഴയിൽ ലയിച്ചു. ഞാനത് കാണണ്ട എന്ന കരുതിയാവണം.അതിഥി ഒന്ന് തിരിഞ്ഞ്നോക്കി.തെറ്റുകൾ ഞാൻ ഓർത്തു. പണ്ടും അങ്ങനെയായിരുന്നു. കാലിടറിപ്പോയൊക്കെ കൈവിടാതെ ചേർത്തുപിടിച്ചു. സ്നേഹിച്ചിരുന്നു ഞാൻ ഒരുപാട്. നാക്കിലയിൽ വിളമ്പിയ അന്നം വയറു നിറയെ കഴിച്ച്,അനുഗ്രഹങ്ങൾ ചൊരിഞ്ഞു,അതിഥി വിണ്ണു പദത്തിലേക്ക് പറന്ന് പറന്ന് പോയി.അന്നം വയർ നിറയെ കഴിക്കുക.



അർജ്ജുൻ ഷാജു 9C

സയൻസ്

# ചെറിയവയിലെ വലിയവ

ലോകം വളരുകയാണ്. ശാസ്ത്രത്തിന്റെ കുതിച്ചുച്ചാട്ടമാണ് ഈ ലോകത്തെ വളർത്തുന്നത്. ഈ ലോകം ഇങ്ങനെ ചട്ടുലമായി നീങ്ങുന്നതിനുള്ള ഊർജം എവിടെനിന്നാണ്? സൂര്യനാണ് ഉത്തരം. ഈ ഭൂമിയിലുള്ള എല്ലാ ഊർജവും സൂര്യനിൽനിന്ന് പ്രവഹിക്കുന്നതാണ്. സൂര്യനിൽനിന്ന് ലഭിക്കുന്ന ഊർജം പ്രകൃതിയിൽ പലവിധത്തിൽ സംഭരിക്കപ്പെട്ടിട്ടുണ്ട്. ഈ ഉറവിടങ്ങളിൽ നിന്നും ഊർജം ഉല്പാദിപ്പിക്കുന്നതിൽ നാം വിജയിച്ചുകഴിഞ്ഞു. ഹൈഡ്രോളിലക്ട്രിക് പവർ സ്റ്റേഷനുകളും താപവൈദ്യൂതനിലയങ്ങളുമെല്ലാം ഉദാഹരണം.

എന്നാൽ ഇന്ന് ഊർജം നാം തന്നെ ദുരുപയോഗം ചെയ്യുന്നു എന്ന വസ്തുത മറക്കാനാവില്ല. രൂപങ്ങൾക്കുമുന്നിൽ തെളിച്ചിടുന്ന സീറോ ബൾബ് സീറോ വാട്ട് വൈദ്യുതിയാണ് നഷ്ടപ്പെടുത്തുന്നത് എന്ന ധാരണ അസംബന്ധമാണ്. ഏതാണ്ട് പതിനഞ്ചുവാട്ട് വൈദ്യുതി നഷ്ടപ്പെടുത്തുന്നതെന്ന് പറഞ്ഞാൽ വിശ്വസിക്കുമോ?

വിശ്വസിക്കാതെ വയ്യ. ഓരോ വീട്ടും ചെറിയതോതിലാണെങ്കിലും ഇത്തരത്തിലുള്ള അശ്രദ്ധ വെടിഞ്ഞാൽ നമ്മുടെ രാഷ്ട്രത്തിന്റെ ഊർജസമ്പത്ത് എത്രമാത്രം വർദ്ധിക്കും? ഊർജം ഒരു നിധിയാണ്.

അതിനല്പംപോലും അശ്രദ്ധപാടില്ല. ഈ ഊർജമാണ് നാളെയുടെ അടിത്തറ.

സയൻസ്

# മൊബൈൽ


മൊബൈൽ ടവറുകളും മൊബൈൽ ഫോണിന്റെ ഉപയോഗവും ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. മൊബൈൽ ടവറുകളിൽ നിന്നും ഫോണിൽ നിന്നും പുറന്തള്ളുന്ന ഇലക്ട്രോ മാഗ്നെറ്റിക് റേഡിയേഷൻ തലച്ചോറിനെയും മനുഷ്യന്റെ മറ്റു ആന്തരിക അവയവങ്ങളേയും  ഗുരുതരമായി ബാധിക്കുന്നു ഹൃദയവും തലച്ചോറും ആന്തരികമായാ ജൈവ ഇലക്ട്രോണിക് തരംഗങ്ങൾ സംവേദനം ചെയ്താണ് പ്രവർത്തിക്കുന്നത്. രാജ്യത്തുള്ള 700 കോടി ഫോണുകളിൽ നിന്നും അഞ്ചരലക്ഷം ടവറുകളിൽ നിന്നും തരംഗങ്ങൾ ശരീരത്തിനുള്ളിലെ ജൈവ ഇലക്ട്രോണിക് തരംഗങ്ങൾ ഗുരുതരമായി ബാധിക്കുന്നു. ഇതിന്റെ ഫലമായി തലച്ചോറിന്റെയും നാഡീവ്യൂഹത്തിന്റെയും പ്രവർത്തനം മന്ദിഭവിക്കുകയും  ഉറക്കക്കുറവ്,മന്ദത,തളർച്ച,ഉന്മാദം, വിഷാദം,തുടങ്ങിയ രോഗങ്ങൾ വരാൻ സാധ്യത ഉണ്ട്. ടവറുകൾ പുറപ്പെടുവിക്കുന്ന കാന്തികരംഗങ്ങൾ ജീവജാലങ്ങളുടെ ജനിതകഘടനയെത്തന്നെ തകരാറിലാക്കും.  ടവർ സ്ഥാപിക്കുമ്പോൾ ആ പ്രദേശത്തെ റേഡിയേഷൻ ലെവൽ കണക്കാക്കി പ്രദർശിപ്പിക്കുക.

വീടിനകത്തു ശക്തി കുറഞ്ഞ റിസീവറുകൽ സ്ഥാപിക്കുക.
ആശുപത്രി,സ്കൂൾ ജനസാന്ദ്രത കൂടിയ സ്ഥലങ്ങൾ എന്നിവടങ്ങളിൽ ടവറുകൾ സ്ഥാപിക്കാതിരിക്കുക
മൊബൈൽ
ഫോണിന്റെ അമിത ഉപയോഗം കാൻസർ രോഗികളെ സൃഷ്ടിക്കുന്നു.

അതുൽ സജീവ് 8B

little KITEs RAMAPURAM

# DIGITAL PAINTING



ജിത്തു മാത്യുകുട്ടി 9C

# DIGITAL PAINTING



കാർത്തിക്ക് സജി 8A

little KITEs RAMAPURAM

# DIGITAL PAINTING



അലൻ ജിന്നി 8A

little KITEs RAMAPURAM


THANK YOU